പ്രസ്തുത നിബന്ധനകൾ ഇളവുചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇളവുകൾ ഇതുവരെ അനുവദിച്ചിട്ടില്ല. ഇളവുകൾ ലഭിക്കുന്ന മുറയ്ക്ക് എയർകേരളയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഇളവുകൾ നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

പത്മപുരസ്കാരങ്ങൾ നൽകുന്നതിന് ശിപാർശ പട്ടിക തയ്യാറാക്കുന്നതിലെ മാനദണ്ഡം

7 (T*1871) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്മപുരസ്കാരങ്ങൾ നല്കുന്നതിനായി ശിപാർശ പട്ടിക തയ്യാറാക്കുന്നതിൽ മാനദണ്ഡം പാലിച്ചിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്ന സെർച്ച് കമ്മിറ്റി നിലവിലുണ്ടോ ;

(സി) എങ്കിൽ കമ്മിറ്റിയംഗങ്ങൾ എത്ര പേരാണെന്നും ആരൊക്കെയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ-സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരമാണ് പത്മപുരസ്കാരങ്ങൾക്കുള്ള ശിപാർശ പട്ടിക തയ്യാറാക്കുന്നത്. മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത് അനുസരിച്ച് ബഹു. ഗ്രാമവികസന സാംസ്കാരിക വകുപ്പുമന്ത്രി കൺവീനറും ചീഫ് സെക്രട്ടറി കമ്മിറ്റി സെക്രട്ടറിയും താഴെ പറയുന്ന മന്ത്രിമാർ മെമ്പർമാരായും സെർച്ച് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു.

1. ശ്രീ. അടൂർ പ്രകാശ്, ബഹു. റവന്യൂ വകുപ്പുമന്ത്രി.
2. ശ്രീ. എ. പി. അനിൽ കുമാർ, ബഹു. പട്ടികജാതി പിന്നോക്കക്ഷേമ ടൂറിസം വകുപ്പുമന്ത്രി.
3. ഡോ. എം. കെ. മുനീർ, ബഹു. പഞ്ചായത്ത്-സാമൂഹ്യ നീതി വകുപ്പുമന്ത്രി.
4. ശ്രീ. പി. ജെ. ജോസഫ്, ബഹു ജലവിഭവ വകുപ്പുമന്ത്രി.

എയർകേരള പദ്ധതി

8 (1872) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയർ കേരള പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly